പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3988 | 11.11.2019 -ൽ മറുപടിക്ക്.

## ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ. ഇ.കെ.വിജയൻ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | **(എ)** ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എഫ്.സി.ഐ തലത്തിൽ തന്നെ പരിശോധനാ സംവിധാനങ്ങളുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണുകളിലേക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനകൾ ടി ഉദ്യോഗസ്ഥർ നിർവ്വഹിക്കുകയും കീട നിയന്ത്രണത്തിനു വേണ്ട സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ മുതലായവ യഥാസമയം നടത്തുകയും ചെയ്തു വരുന്നു. കൂടാതെ എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേയ്ക്ക് അയയ്ക്കുന്ന ഭക്ഷ്യധാന്യങ്ങൾ ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം നടത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; ആയതിനായി പ്രവർത്തിക്കുന്ന ഗോഡൗണുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ; | **(ബി)** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെയാണ് നിയോഗിച്ചിരിക്കുന്നത്. എഫ്.സി.ഐ/ സി.എം.ആർ മില്ലുകളിൽ നിന്ന് വിട്ടെടുക്കുന്ന റേഷൻ ഭക്ഷ്യധാന്യങ്ങൾ എൻ.എഫ്.എസ്.എ ഗോഡൗണിൽ സൂക്ഷിച്ച് അവിടെ നിന്നും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർ മുഖേന ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ/ സിറ്റി റേഷനിംഗ് ഓഫീസർ നല്കുന്ന അതോറിറ്റി ലിസ്റ്റ് പ്രകാരമുള്ള അളവിൽ റേഷൻ |

| | | |
|---|---|---|
| | | സാധനങ്ങൾ അതാത് റേഷൻ കടകളുടെ വാതിൽപ്പടിയിൽ എത്തിച്ച് എ.ആർ.ഡി-യെ തൂക്കം ബോധ്യപ്പെടുത്തി ബില്ല്, തൂക്കച്ചീട്ട് സഹിതം ഏൽപ്പിച്ചു കൊടുക്കുന്നു. നിലവിൽ സംസ്ഥാന വ്യാപകമായി 253 ഗോഡൗണുകൾ വഴിയാണ് സപ്ലൈകോ വാതിൽപ്പടി വിതരണം നടത്തി വരുന്നത്. ഇതിൽ 13 സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളും 46 സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളും 190 സ്വകാര്യ ഗോഡൗണുകളും 4 സപ്ലൈകോ ഗോഡൗണുകളും ഉൾപ്പെടുന്നു. |
| (സി) | വാതിൽപ്പടി വിതരണം നടത്തുമ്പോൾ കൃത്യമായ അളവിൽ റേഷൻ സാധനങ്ങൾ റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുമോ ; | (സി) വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻകടകളുടെ വാതിൽപ്പടികളിൽ കൃത്യമായി തൂക്കം ബോധ്യപ്പെടുത്തി നല്കണമെന്ന് പുതിയ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും തൂക്കം ബോധ്യപ്പെടുത്തിയാണ് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തിയത് എന്ന് താലൂക്ക് സപ്ലൈ ഓഫീസർ/ സിറ്റി റേഷനിംഗ് ഓഫീസർ സർട്ടിഫിക്കറ്റ് നല്കിയാൽ മാത്രമേ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇനത്തിലുള്ള തുക കോൺട്രാക്ടർക്ക് അനുവദിച്ച് നല്കാവൂ എന്ന് സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | ഭക്ഷ്യധാന്യങ്ങൾ എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും റേഷൻ കടകളിൽ എത്തിക്കുന്നത് നിരീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | (ഡി) വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോയാണ് ഇന്റർമീഡിയറി ഗോഡൗണിന്റെ ചുമതല വഹിക്കുന്നത്. ആയതിനാൽ എഫ്.സി.ഐ യിൽ നിന്നും എൻ.എഫ്.എസ്.എ ഗോഡൗണിലേയ്ക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു നല്കുന്ന ലോറികളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ വെബ് ക്യാമറയും സി.സി.ടി.വിയും സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സപ്ലൈകോ തലത്തിൽ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**